LIBRARY ARCHIVES Kerala Legislative Assembly

സംഘടനകൾക്ക് വനം വകുപ്പിൽനിന്നും ധനസഹായം

129 [2099] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവും പരിസ്ഥിതിയും സംരക്ഷിക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വനം വകുപ്പിൽ നിന്നും ധനസഹായം നൽകാറുണ്ടോ; എങ്കിൽ 2003-2004 സാമ്പത്തിക വർഷത്തിൽ ഇത്തരം സംഘടനകൾക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ ആനുകൂല്യം ലഭിച്ച സംഘടനകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനവും പരിസ്ഥിതിയും സംരക്ഷിക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വനംവകുപ്പിൽ നിന്നും ധനസഹായം നൽകാനുള്ള പ്രത്യേക പരിപാടികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ അഫോറസ്റ്റേഷൻ ആന്റ് ഇക്കോഡെവലപ്മെന്റ് ബോർഡ് ഇത്തരം സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കുള്ള ഒരു പരിപാടി പത്താം പഞ്ചവൽസര കാലയളവിലേക്ക് ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി പദ്ധതിയിലേക്കായി സാമൂഹ്യ വനവൽക്കരണ വിഭാഗം 2003 മാർച്ച് മാസത്തിൽ രണ്ട് സംഘടനകളുടെ അപേക്ഷകൾ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ആയതിൻമേൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. 2004-2005 വർഷത്തിൽ ടി പരിപാടിയിലേക്ക് നിരവധി സന്നദ്ധസംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് ശുപാർശ ചെയ്ത് അയയ്ക്കുവാനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനവൽക്കരണത്തിനായി ലോകബാങ്കിൽനിന്നും ലഭിച്ച ധനസഹായം

130 [2100] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിനായി ലോകബാങ്കിൽനിന്നും എന്ത് തുകയുടെ ധനസഹായമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ലോകബാങ്ക് സഹായത്തോടെ എത്ര ഏക്കർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനവൽക്കരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനവൽക്കരണത്തിനും, വികസന പ്രവർത്തനങ്ങൾക്കുമായി ലോക ബാങ്കിൽനിന്നും 135.15 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 77.16 കോടി രൂപ വനവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ലഭിച്ചിട്ടുള്ളതാണ്.

(ബി) ലോകബാങ്ക് സഹായത്തോടെ 53,485 ഹെക്ടർ സ്ഥലത്ത് വനവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

(സി) വനവൽക്കരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഇനം	*ലോകബാങ്ക് പദ്ധതി പ്രകാരമുള്ള ചെലവ് (രൂപ കോടിയിൽ)*
സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ പ്രക്ഷീണ വനങ്ങളുടെ പുനരധിവാസം, അനുബന്ധ പ്രവർത്തനങ്ങൾ	61.53
തേക്ക് തോട്ടങ്ങളുടെ നിർമ്മാണം	10.38
പൾപ്പുമരത്തോട്ടങ്ങളുടെ നിർമ്മാണം	17.84
ഈറ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം	6.20
ആകെ	95.95

മൊത്തം 95.95 കോടി രൂപ ലോകബാങ്ക് പദ്ധതിയനുസരിച്ച് ചെലവായതിൽ 77.91 കോടി രൂപ ലോകബാങ്കിൽനിന്നും സഹായമായും ബാക്കിതുക കേരള സർക്കാരിന്റെ വിഹിതമായും ചെലവായിട്ടുള്ളതാണ്.

വനോൽപ്പന്നവില നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ വരുന്ന വനോൽപ്പന്നങ്ങൾ

131 [2102] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

,, വർക്കല കഹാർ:

,, കെ. സി. വേണുഗോപാൽ:

,, ടി. യു. രാധാകൃഷ്ണൻ:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനോൽപ്പന്നം വിൽപ്പനവില നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ ഏതെല്ലാം വനോൽപ്പന്നങ്ങളാണുൾപ്പെടുന്നത്;

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2101 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly